3

D4BMLZ101 (Pages 2) Reg. No:.....................

Name: .......................

**FOURTH SEMESTER BA / B.Sc. DEGREE EXAMINATION APRIL 2023**

**(Regular/Improvement/Supplementary)**

**COMMON COURSE IN MALAYALAM**

**GMAL4A08T: മലയാള സാഹിത്യം 4**

**Time: 2 ½ Hours.** **Maximum Marks: 80**

## ഭാഗം I: രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക. ഓരോന്നിനും 2 മാർക്ക് വീതം. (പരമാവധി 25 മാർക്ക്)

1. ആശയവിനിമയത്തിലെ ഉത്ഭവസ്ഥാനം, പ്രാപ്യസ്ഥാനം - കുറിപ്പെഴുതുക.
2. "ഒരു"വിനെപ്പറ്റിയുള്ള വാസുദേവഭട്ടതിരിയുടെ നിരീക്ഷണമെന്ത് ?
3. സങ്കേതനം എന്നാലെന്ത് ?
4. "പോലും"എഴുതി അക്ഷരം പെരുപ്പിച്ചാൽ സംഭവിക്കുന്ന തെറ്റെന്തെന്ന് സൂചിപ്പിക്കുക?
5. ജനാധിപത്യം എന്നാലെന്ത് ?
6. സ്രോതഭാഷയും ലക്ഷ്യഭാഷയും - കുറിപ്പെഴുതുക.
7. "സൗന്ദര്യാത്മക സമുദായം" എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണ് ?
8. ആർ. ഇ. ആഷറും കൂട്ടരും ചേർന്ന് വിവർത്തനം നിർവ്വഹിച്ച ബഷീർ കൃതികളേവ ? പ്രസാധനം നടത്തിയതാര് ?
9. "പിന്നെ നീ സൂര്യനായി

   നീയെന്താണ് കിരീടം ചൂടാത്തത് ---------?" ആശയം വിശദമാക്കുക.
10. "എടാ കാലമാടാ, അടങ്ങിയൊതുങ്ങി നിന്നില്ലെങ്കിൽ നിന്റെ തോല്യ ഞാൻ ഉരിയും" സാഹചര്യമേത് ?
11. ആദാമിനോട് ആദിയിൽ ജഗദീശ്വരൻ അരുളിചെയ്തതെന്ത് ?
12. "വിശപ്പ്. അസഹനീയമായ വിശപ്പ് ! നിരാശ! നിസ്സഹായത!" സന്ദർഭമെഴുതുക.
13. ഋതുക്കളുടെയും കാലത്തിന്റെയും പേരുകൾ വ്യക്തിനാമമായി സ്വീകരിക്കാറുണ്ട്. ഉദാഹരണമെഴുതുക.
14. "ദാമുവേട്ടൻ നല്ലോനല്ലെന്ന് എനിക്കറിയാം. ഞാൻ സൂക്ഷിച്ചോളാം" സന്ദർഭമെഴുതുക.
15. മരുത്വാമലയിലെ ഏകാന്തവാസത്തിനിടയിൽ "സ്വാമി" സംസാരവിഷയമായതെങ്ങനെ?

(തുടർച്ച ... 2)

**ഭാഗം II: രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക. ഓരോന്നിനും 5 മാർക്ക് വീതം. (പരമാവധി 35 മാർക്ക്)**

16. പ്രത്യയങ്ങളെക്കുറിച്ച് വാസുദേവഭട്ടതിരി വിശദീകരിക്കുന്നതെങ്ങനെ ?

17. "ഏതാൾക്കും ഇഷ്ടപ്പെട്ടത് കഴിക്കാനുള്ള സൗകര്യം കിട്ടുക എന്നതാണ് ഭക്ഷണത്തിലെ ജനാധിപത്യത്തിന്റെ അടിസ്ഥാനം" വിശദമാക്കുക.

18. ഏതൊരു തൊഴിലിനെക്കാളും ഭാഷ പ്രധാനമാകുന്ന മേഖലയാണ് വൈദ്യത്തിന്റേത്. വിശദമാക്കുക.

19. വിവർത്തനത്തിന്റെ പൊതുതത്ത്വങ്ങൾ വിവരിക്കുക.

20. ഗോതമ്പ് കൊണ്ടുവരാനായി ബ്രിജ്പാൽ മാസ്റ്ററുടെ വീട്ടിലെത്തിയ ഗ്രന്ഥകാരന്റെയും സുഹൃത്തിന്റെയും അനുഭവം വിശദീകരിക്കുക.

21. "ഇങ്ങനെയാണ് സ്വാതന്ത്ര്യത്തിന്റെ ഉല്പത്തി. അതിന്റെ ഉദ്ഘാടകൻമാരാണ് ആദം നബിയും ഹവ്വാ ബീബിയും" വിശദമാക്കുക.

22. ശങ്കുണ്ണ്യാമ്മാൻ - കഥാപാത്ര നിരൂപണം നടത്തുക.

23. പേരുകളുടെ ബഹുത്വത്തെക്കുറിച്ച് വിഷ്ണു നമ്പൂതിരി വിശദീകരിക്കുന്നതെങ്ങനെ?

**ഭാഗം III: ഏതെങ്കിലും 2 ചോദ്യങ്ങൾക്ക് മൂന്ന് പുറത്തിൽ കവിയാതെ ഉപന്യസിക്കുക. ഓരോന്നിനും 10 മാർക്ക് വീതം.**

24. ആശയവിനിമയ പ്രക്രിയയെക്കുറിച്ച് പ്രഭാകര വാര്യരുടെ നിരീക്ഷണങ്ങൾ ക്രോഡീകരിക്കുക.

25. "അപ്രാപ്യമായ വിതാനം" എന്ന ലേഖനത്തെ മുൻനിർത്തി വിവർത്തന പ്രക്രിയയെക്കുറിച്ച് ഉപന്യസിക്കുക.

26. "മനുഷ്യരെല്ലാം സഹോദരർ" എന്ന അധ്യായത്തിലൂടെ പ്രതിഫലിപ്പിച്ച ശ്രീനാരായണ ഗുരുവിന്റെ മഹത്വം വിശദമാക്കുക.

27. ശിഥിലമായ മനുഷ്യബന്ധങ്ങളും സാമൂഹിക ക്രമങ്ങളും കുടുംബ ബന്ധങ്ങളുടെ തകർച്ചയും ദേശ ചരിത്രത്തിന്റെ ഗതിവിഗതികളും അനാവൃതമാകുന്ന നോവലാണ് "അനുഭവങ്ങൾ" സമർത്ഥിക്കുക.

**( 2 x 10 = 20 മാർക്ക് )**